# മഹാത്മാഗാന്ധി സർവ്വകലാശാല

**സാബു എസ്. ജോസഫ്**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447201256

പി.ആർ.ഒ./39/174/2018 2018 ആഗസ്റ്റ് 09

## പത്രക്കുറിപ്പ്

### ഇന്നത്തെ പരീക്ഷകൾ മാറ്റി

കനത്ത മഴ മൂലം മഹാത്മാഗാന്ധി സർവ്വകലാശാല ഇന്ന് (ആഗസ്റ്റ് 10) നടത്തുവാൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതികൾ പിന്നീട്.

### എം.ജി. സർവ്വകലാശാലയിൽ മൂന്ന് പ്രധാന വികസനപദ്ധതികൾ ഉദ്ഘാടനം ചെയ്തു

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ മൂന്ന് പ്രധാന വികസന പദ്ധതികളുടെ ഉദ്ഘാടനം സർവ്വകലാശാലാ കാമ്പസിൽ നടന്നു. യൂണിവേഴ്സിറ്റി പ്രൊഫസർമാരുടെ വളരെ നാളത്തെ ആവശ്യങ്ങളിൽ ഒന്നായ പുതിയ ക്വാർട്ടേഴ്സുകളുടെ താക്കോൽദാനം, പരീക്ഷാ സെക്ഷനുകളുടെ സ്ഥലപരിമിതികൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി നിർമ്മിച്ച സിൽവർ ജൂബിലി പരീക്ഷാഭവന്റെ നാലും അഞ്ചും നിലകൾ, വേനൽക്കാലത്തുണ്ടാകുന്ന ജലക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി സർവ്വകലാശാലാ ഗ്രൗണ്ടിന് സമീപത്തുള്ള നവീകരിച്ച കുളം എന്നിവയുടെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നിർവ്വഹിച്ചു. രജിസ്ട്രാർ എം.ആർ. ഉണ്ണി, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, പ്രൊഫ. ടോമിച്ചൻ ജോസഫ്, പ്രൊഫ. പ്രവീൺ കുമാർ വി.എസ്., ഡോ. കെ. ഷെറഫുദ്ദീൻ, ഡോ. അജി സി. പണിക്കർ, ഡോ. എം.എസ്. മുരളി, ഡോ. എ. ജോസ്, ഡോ. കെ. കൃഷ്ണദാസ്, ഡോ. ആർ. പ്രഗാഷ്, സെനറ്റ് അംഗങ്ങൾ, വിവിധ അദ്ധ്യാപക അനദ്ധ്യാപക സംഘടനാ നേതാക്കൾ, അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർ എന്നിവർ പങ്കെടുത്തു.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലാ പ്രൊഫസർമാരുടെ വളരെ നാളത്തെ ആവശ്യങ്ങളിൽ ഒന്നായ പുതിയ ക്വാർട്ടേഴ്സുകളുടെ താക്കോൽദാനം മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു**

### സിൻഡിക്കേറ്റിലേക്ക് നോമിനേറ്റ് ചെയ്തു

തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജ് പ്രിൻസിപ്പൽ ഡോ. ആർ. അനിതയെ മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റിലേക്ക് ഉൾക്കൊള്ളിച്ചു.

### എം.ജി. സെനറ്റിന്റെ പ്രത്യേക അടിയന്തിര യോഗം ആഗസ്റ്റ് 20ന്

വൈസ് ചാൻസലറുടെ നിയമനത്തിനുള്ള സെർച്ച് കമ്മിറ്റി രൂപീകരിക്കുന്നതിനായി സെനറ്റിന്റെ പ്രതിനിധിയെ തെരഞ്ഞെടുക്കുന്നതിനുവേണ്ടിയുള്ള മഹാത്മാഗാന്ധി സർവ്വകലാശാലാ സെനറ്റിന്റെ പ്രത്യേക അടിയന്തിര യോഗം ആഗസ്റ്റ് 20ന് രാവിലെ 10 മണിക്ക് സർവ്വകലാശാലാ സെനറ്റ് ഹാളിൽ വച്ച് നടത്തും.

### ബി.പി.എഡ്/ബി.എൽ.ഐ.എസ്.സി. ഏകജാലകം: ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴിയുള്ള ബി.പി.എഡ്/ ബി.എൽ.ഐ.എസ്.സി. പ്രവേശനത്തിനുള്ള (2018) ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് ആഗസ്റ്റ് 13ന് വൈകീട്ട് നാലുമണിക്ക് മുമ്പായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. ആഗസ്റ്റ് 13ന് വൈകീട്ട് 4 മണിക്ക് മുമ്പായി ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. തുടർന്നുള്ള അലോട്ട്മെന്റിലേക്ക് ഇവരെ പരിഗണിക്കുന്നതല്ല.

അപേക്ഷകൻ തനിക്ക് ലഭിച്ച അലോട്ട്മെന്റിൽ സംതൃപ്തനാണെങ്കിൽ തുടർ അലോട്ട്മെന്റിൽ പരിഗണിക്കപ്പെടാതിരിക്കാനായി അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതാണ്. ഉയർന്ന ഓപ്ഷനുകൾ നിലനിർത്തിയാൽ തുടർന്നുള്ള അലോട്ട്മെന്റിൽ മാറ്റം വന്നേക്കാം. ഇപ്രകാരം മാറ്റം ലഭിക്കുന്നപക്ഷം പുതിയ അലോട്ട്മെന്റ് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. ആദ്യം ലഭിച്ച അലോട്ട് മെന്റ് നഷ്ടപ്പെടുകയും ചെയ്യും. എന്നാൽ ഇപ്രകാരം മാറ്റം ലഭിക്കുന്നവർ ബാങ്കിൽ പുതുതായി ഫീസൊടുക്കേണ്ടതില്ല. ആഗസ്റ്റ് 14ന് ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്.

ഹയർ ഓപ്ഷനുകൾ നിലനിർത്തുവാൻ ആഗ്രഹിക്കുന്ന അപേക്ഷകർ ഒഴികെയുള്ളവർ കോളേജുകളിൽ നിശ്ചിത ട്യൂഷൻ ഫീസ് ഒടുക്കി സ്ഥിരപ്രവേശനം ഉറപ്പ് വരുത്തേണ്ടതാണ്.

വിവിധ പ്രോഗ്രാമുകളിലേക്കുള്ള ഫീസ് സംബന്ധിച്ച ഉത്തരവുകൾ ക്യാപ് വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. സർവ്വകലാശാല നിഷ്ക്കർഷിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ ഫീസ് ഈടാക്കുന്ന കോളേജുകൾക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

**എം.ബി.എ. : സി-മാറ്റ്, ക്യാറ്റ് കട്ട് ഓഫ് മാർക്ക് നിർണ്ണയിച്ചു**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ നടത്തുന്ന എം.ബി.എ. കോഴ്സിന്റെ 2018-19 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനായുള്ള സി-മാറ്റ്, ക്യാറ്റ് എൻട്രൻസ് പരീക്ഷകളുടെ കട്ട് ഓഫ് മാർക്ക് നിർണ്ണയിച്ചു. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭ്യമാണ്.

**പ്രാക്ടിക്കൽ**

നാലാം സെമസ്റ്റർ ബി.എസ്.സി. മാത്തമാറ്റിക്സ് മോഡൽ I, സ്റ്റാറ്റിസ്റ്റിക്സ്, ഇൻഡസ്ട്രിയൽ മൈക്രോബയോളജി ആന്റ് സുവോളജി, പെട്രോ കെമിക്കൽസ് (സി.ബി.സി.എസ്.എസ്. - 2016 അഡ്മിഷൻ റഗുലർ/2013 - 2015 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 13, 14 തീയതികളിൽ വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (സി.എസ്.എസ്. റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 21 വരെ അപേക്ഷിക്കാം.

2018 ജനുവരിയിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ. (സി.എസ്.എസ്., റഗുലർ & ഇംപ്രൂവ്മെന്റ്) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2018 ജനുവരിയിൽ സ്കൂൾ ഓഫ് ബി.ഐ.ആർ.ബി.എസിൽ നടത്തിയ ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർ ഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2018 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. ജിയോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 23 വരെ അപേക്ഷിക്കാം.

2018 ജനുവരിയിൽ നടത്തിയ മൂന്നാം വർഷ ബി.എസ്.സി. നഴ്സിംഗ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 20 വരെ അപേക്ഷിക്കാം.

**എം.ജി.യിൽ അന്താരാഷ്ട്ര ഡോക്യുമെന്ററി – ഹ്രസ്വ ചലച്ചിത്രോത്സവം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയും സംയുക്തമായി ആഗസ്റ്റ് 16 മുതൽ 18 വരെ സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽവച്ച് അന്താരാഷ്ട്ര ഡോക്യുമെന്ററി - ഹ്രസ്വ ചലച്ചിത്രോത്സവം സംഘടിപ്പിക്കുന്നു. പരിസ്ഥിതി പ്രശ്നങ്ങൾ, മനുഷ്യാവകാശങ്ങൾ, വികസനാനുബന്ധ പ്രശ്നങ്ങൾ എന്നീ പ്രമേയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ചിത്രങ്ങളാണ് മേളയിൽ പ്രദർശിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9447675755.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**